# അങ്ങാടിപത്രം

നമ്മുടെ നാടിന്റെ വാർത്താജാലകം

Volume: 3, Issue:09

ഓഗസ്റ്റ് 8 ചൊവ്വ 2023

ഡോൺ ബോസ്കോ ആർട്സ് & സയൻസ് കോളേജ് ജേർണലിസം വിഭാഗം ദ്വൈവാര പ്രസിദ്ധീകരണം


## കുടുംബശ്രീ പ്രവർത്തകർക്ക് പരിശീലന ക്ലാസുകൾ

ജോയ്സ് മേരി ജോർജ്





*കുടുംബശ്രീ പ്രവർത്തകർക്കായി നടത്തിയ തേനീച്ച വളർത്തൽ,കൂൺകൃഷി പരിശീലന പരിപാടി*

അയ്യൻകുന്ന് ഗ്രാമപഞ്ചായത്തും ദിശ (ഡോൺ ബോസ്കോ ഇനിഷ്യേറ്റീവ് ഫോർ സോഷ്യൽ ആക്ഷൻ) വി ലൈവ് പ്രോജക്ടും സംയുക്തമായി കുടുംബശ്രീ പ്രവർത്തകർക്ക് കൂൺ കൃഷിയിലും തേനീച്ച വളർത്തലിലും പരിശീലനം നൽകി.

ഡോൺ ബോസ്കോ കോളേജിൽ വച്ചു നടന്ന പരിശീലന പരിപാടിയിൽ തേനീച്ച വളർത്തലിൽ പ്രതിഭ തെളിയിച്ച ജോസ് തെക്കേൽ, കൂൺ കൃഷിയിൽ പരിചയ സമ്പന്നയും അവാർഡ് ജേതാവുമായ പി എം സോഫി എന്നിവർ പരിശീലനം നൽകി. 'പരിശീലനം പൂർത്തിയാക്കിയവർക്ക് രണ്ട് യൂണിറ്റ് തേനീച്ചകളും കൂൺ കൃഷിക്കുള്ള വിത്തുകളും നൽകും'. ദിശ ഡയറക്ടർ ഫാദർ സോജൻ പനഞ്ചിക്കൽ പറഞ്ഞു.

വി ലൈഫ് പ്രോജക്ട് കോഡിനേറ്റർ ലിസി സിറിയക് പരിശീലന പരിപാടിക്ക് നേതൃത്വം നൽകി. പരിശീലന ക്ലാസുകളിൽ രണ്ടു വിഭാഗങ്ങളിലായി നൂറോളം കുടുംബശ്രീ പ്രവർത്തകർ പങ്കെടുത്തു.

## മികച്ച വിജയം നേടി ഡോൺ ബോസ്കോ കോളേജ്

ജോയ്സ് മേരി ജോർജ്



കണ്ണൂർ സർവ്വകലാശാല ബിരുദ, ബിരുദാനന്തര ബിരുദ പരീക്ഷകളിൽ റാങ്കുകളോടെ ഉന്നത വിജയം നേടി അങ്ങാടിക്കടവ് ഡോൺ ബോസ്കോ ആർട്സ് ആൻഡ് സയൻസ് കോളേജിലെ വിദ്യാർത്ഥികൾ.

സർവ്വകലാശാല തലത്തിൽ എം എ ജേർണലിസം ആൻഡ് മാസ് കമ്മ്യൂണിക്കേഷൻ വിഭാഗത്തിൽ ആദ്യ ഒമ്പത് റാങ്കുകളും എം എസ് ഡബ്ല്യൂ വിഭാഗത്തിൽ ആദ്യ രണ്ട് റാങ്കുകളും എം എസ് സി സൈക്കോളജിയിൽ ആദ്യ എട്ട് റാങ്കുകളും ബി എസ് ഡബ്ല്യൂ വിഭാഗത്തിൽ ആദ്യ മൂന്നു റാങ്കുകളും നേടിയാണ് ഡോൺ ബോസ്കോ കോളേജ് ഉന്നത വിജയം കരസ്ഥമാക്കിയത്.

'കോളേജ് എന്നും നിലനിർത്തി കൊണ്ടുപോകുന്ന ഏറ്റവും മികച്ച ഗുണനിലവാരത്തിന്റെയും ശ്രേഷ്ഠതയുടെയും മകുടമായ തെളിവാണ് ഈ റാങ്കുകൾ'. പ്രിൻസിപ്പാൾ ഫാ.ഫ്രാൻസിസ് കാരക്കാട്ട് പറഞ്ഞു. 2023 -24 അധ്യയന വർഷത്തേക്കുള്ള അഡ്മിഷന് ബന്ധപ്പെടുക 9496698531, 9447077360.

## ആംബുലൻസ് സർവീസ് ആരംഭിച്ചു

അക്ഷയ് തിലകൻ




*ഡി ലെവൽ ആബുലൻസ്*

കരിക്കോട്ടക്കരി: സെന്റ് തോമസ് ചർച്ചിന്റെ കീഴിലുള്ള സാന്തോം ചാരിറ്റബിൾ സൊസൈറ്റി ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി ആരംഭിച്ച ആംബുലൻസ് സർവീസ് തലശ്ശേരി ആർച്ച് ബിഷപ് ഇമെരിറ്റസ് മാർ ജോർജ് വലിയമറ്റം ഉദ്ഘാടനം ചെയ്തു.

24 ലക്ഷം രൂപ മുതൽമുടക്കിൽ അത്യാധുനിക സൗകര്യങ്ങളോടുള്ള (ഡിലെവൽ) ആംബുലൻസ് ആവശ്യ സർവീസും അതോടൊപ്പം സൗജന്യമായി നഴ്സുമാരുടെ സേവനവും ജനങ്ങൾക്ക് നൽകുന്നു.

'വിദേശ കുടിയേറ്റങ്ങൾ കൂടി വരുന്നതിനാൽ പ്രായമായ മാതാപിതാക്കൾ വീട്ടിൽ തനിച്ചാകുന്ന സാഹചര്യത്തിൽ നമ്മുടെ ഭവനങ്ങളിലെ വൃദ്ധരായ മാതാപിതാക്കൾക്കും മറ്റേതൊരാൾക്കും ചികിത്സയുമായി ബന്ധപ്പെട്ട് ഒരു അടിയന്തര ആവശ്യം നേരിട്ടാൽ ഉടനടി സഹായിക്കും രക്ഷാധികാരി സെന്റ് തോമസ് പള്ളി വികാരി ഫാ. ആന്റണി പുന്നൂർ പറഞ്ഞു'

രക്ഷാധികാരി സെന്റ് തോമസ് പള്ളി വികാരി ഫാ. ആന്റണി പുന്നൂർ സഹരക്ഷാധികാരി ഫാ റൂബിൽ മാർട്ടിൻ കുര്യൻ മാമ്പുഴക്കൽ, അയ്യൻകുന്ന് പഞ്ചായത്ത് അംഗങ്ങളായ ജോസഫ് വട്ടക്കുളത്ത്, സിബി വാഴക്കാല, സാന്തോം ചാരിറ്റബിൾ സൊസൈറ്റി പ്രസിഡന്റ് ജെയ്സൺ ചേ രുംതടത്തിൽ, വൈസ് പ്രസിഡണ്ട് മേഴ്സി അറയ്ക്കൽ, സെക്രട്ടറി ബി നോയ് പാമ്പയ്ക്കൽ, സെക്രട്ടറി ബീന വാഴക്കാട്ട്, ട്രഷറർ ജോസഫ് ഞാമത്തോലിൽ എന്നിവർ പ്രസംഗിച്ചു.

## ഹരിതസഭ ഓഡിറ്റ് നടത്തി

ജിനി ജോസഫ്



*ഹരിതസഭ ഓഡിറ്റ് റിപ്പോർട്ട് പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേലിന് കൈമാറുന്നു*

മാലിന്യമുക്ത നവകേരള പദ്ധതിയുടെ ഭാഗമായി അയ്യൻകുന്ന് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേലിന്റെ നേതൃത്വത്തിൽ ഹരിതസഭ ഓഡിറ്റ് നടത്തി. പഞ്ചായത്ത് പരിധിയിലെ വിവിധതര മാലിന്യങ്ങളുമായി ബന്ധപ്പെട്ട അവലോകന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലായിരുന്നു ഹരിത ഓഡിറ്റ്.

'മാലിന്യമുക്ത നവകേരള ക്യാമ്പയിനുമായി ബന്ധപ്പെട്ട് നിശ്ചിച്ചിട്ടുള്ള ലക്ഷ്യങ്ങൾ പൂർത്തിയാക്കുന്നതിനുവേണ്ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിച്ച നടപടികളും അവയുടെ പുരോഗതിയും ജനകീയ ചർച്ചയ്ക്ക് വിശദമാക്കാനുള്ള വേദിയായിരുന്നു ഹരിതസഭ'. പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ പറഞ്ഞു.

2024 മാർച്ചോടെ മാലിന്യമുക്ത നവകേരള യാഥാർത്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി ആരംഭിച്ച പദ്ധതിയിൽ പ്ലാസ്റ്റിക് മാലിന്യം കുറക്കേണ്ടതിന്റെ പ്രാധാന്യം, നിരോധിത പ്ലാസ്റ്റിക് ഉൽപന്നങ്ങൾ, അവ ഉപയോഗിക്കുമ്പാൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ തുടങ്ങിയവ ഉൾപ്പെടുന്നു.

ഈ പദ്ധിതിയുടെ ഭാഗമായി പത്ത് പേരടങ്ങുന്ന സമിതി പഞ്ചായത്തിലെ വിവിധ പ്രദേശങ്ങൾ സന്ദർശിച്ച് ഓരോ വാർഡിലും ഉണ്ടാകുന്ന വിവിധ മാലിന്യത്തിന്റെ അളവും സംസ്കരണത്തിന് ഉപയോഗിക്കുന്ന രീതിയും സംബന്ധിച്ച വിശദമായ വിവരങ്ങൾ ശേഖരിച്ച് അവലോകന റിപ്പോർട്ട് തയാറാക്കി.

## തെരുവുവിളക്കുകൾ ഇല്ലാതെ ആനപ്പന്തി – ഹോസ്റ്റൽ റോഡ്

അക്ഷയ് തിലകൻ

ആനപ്പന്തിയിൽ നിന്ന് ഡോൺ ബോസ്കോ കോളേജ് ഹോസ്റ്റലുകളിലേക്ക് പോകുന്ന വഴി തെരുവുവിളക്കുകൾ ഇല്ലാത്തത് നാട്ടുകാരെയും, വിദ്യാർത്ഥികളെയും ദുരിതത്തിലാക്കുന്നു. ഇഴജന്തുക്കൾക്ക് വാസയോഗ്യമായ വിധം റോഡിൽ ഇരുവശത്തും നിറഞ്ഞ പുല്ലുകൾ ഏറെ ബുദ്ധിമുട്ട് സൃഷ്ടിക്കുന്നു. പതിനഞ്ചോളം കുടുംബങ്ങളും ഡോൺ ബോസ്കോ കോളേജ് ബോയ്സ്, ഗേൾസ് ഹോസ്റ്റലുകളും ആശ്രയിക്കുന്ന റോഡാണിത്. വൈദ്യുത കമ്പിയോട് ചേർന്ന് നിൽക്കുന്ന മരങ്ങൾ മഴക്കാലത്ത് വളരെ അപകടാവസ്ഥ വർദ്ധിപ്പിക്കുന്നു.



*ആനപ്പന്തിയിൽ നിന്ന് ഹോസ്റ്റലിലേക്കുള്ള റോഡ്*

## പ്രതിഷേധ റാലി സംഘടിപ്പിച്ചു

ജിനി ജോസഫ്




വള്ളിത്തോട്: മണിപ്പൂർ കലാപത്തിൽ പ്രതിഷേധിച്ച് കിളിയന്തറ ഇടവക മാതൃവേദിയുടെ നേതൃത്വത്തിൽ വള്ളിത്തോട്ടിൽ പ്രതിഷേധ റാലിയും സമ്മേളനവും നടത്തി. സമ്മേളനം ജില്ലാ പഞ്ചായത്ത് മെമ്പർ ലിസി ജോസഫ് ഉദ്ഘാടനം ചെയ്തു. കിളിയന്തറ ഇടവക മാതൃവേദി പ്രസിഡന്റ് ഫിലോമിന കക്കാട്ടിൽ അധ്യക്ഷത വഹിച്ചു.

'മണിപ്പൂർ ജനതയ്ക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചു കൊണ്ടും സ്ത്രീകളോടുമുള്ള അക്രമങ്ങൾക്കുമെതിരെ പ്രതിഷേധിച്ചുകൊണ്ടുമാണ് റാലി സംഘടിപ്പിച്ചത്.' മാതൃവേദി പ്രസിഡന്റ് ഫിലോമിന കക്കാട്ടിൽ പറഞ്ഞു.

റാണി ഇല്ലിക്കകിഴക്കേൽ, എലിസബത്ത് കാട്ടൂർ, സിസറ്റർ ലില്ലി മരിയ, സോണി അഞ്ഞിലിതോപ്പിൽ, റോസമ്മ വട്ടംതോട്ടിയിൽ, സിന്ധു പൊട്ടംകുളം, റെജി അടവനാൽ, ടാനിയ മേടക്കൽ, ഷീജ തോട്ടത്തിൽ, ലീന പാറക്കടവിൽ എന്നിവർ പ്രസംഗിച്ചു.

**അങ്ങാടിപത്രത്തിന്റെ എല്ലാ വായനക്കാർക്കും സ്വാതന്ത്ര്യദിനാശംസകൾ**

## എഡിറ്റോറിയൽ

# കലാപത്തിൽ മുങ്ങുന്ന ഇന്ത്യ

ഇന്ത്യ എന്ന് കേൾക്കുമ്പോൾ തന്നെ ഒരു വ്യക്തിയുടെ മനസ്സിലേക്ക് ആദ്യം വരുന്നത് മതേതരത്വത്തിന്റെയും, ജനാധിപത്യത്തിന്റെയും മുഖമാണ്. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമായ ഇന്ത്യയ്ക്ക് ഓർത്തു വയ്ക്കാൻ ഒരു ചരിത്രവും അതിനോട് കെട്ടുപിണഞ്ഞു കിടക്കുന്ന സംസ്കാരവും ഉണ്ട്. മഹാത്മാഗാന്ധിയും ജവഹർലാൽ നെഹ്റുവും, ബി ആർ അംബേദ്കറും ഉയർത്തിപ്പിടിച്ചത് ബഹുസ്വരതയുടെയും, ജനാധിപത്യത്തിന്റെയും ത്രിവർണ്ണ പതാകയായിരുന്നു. ന്യൂനപക്ഷങ്ങൾ സുരക്ഷിതമാകുമ്പോഴാണ് ഒരു രാജ്യത്തിന്റെ ജനാധിപത്യത്തിന്റെ അർത്ഥം പൂർണമാകുന്നത്.

എന്നാൽ ഇന്ത്യയിൽ സംഭവിക്കുന്നത് എന്താണ്? മതേതരത്വത്തിൽ ഒരു കാലത്ത് അഭിമാനം കൊണ്ട ഇന്ത്യൻ ജനത മതത്തിന്റയും, ജാതിയുടെയും, വംശത്തിന്റെയും പേരു പറഞ്ഞ് തമ്മിലടിക്കാൻ തെരുവിലേക്ക് ഇറങ്ങുന്ന ദയനീയ കാഴ്ചയാണ് രാജ്യത്ത് പലയിടത്തും കാണുന്നത്. അതിനുത്തമ ഉദാഹരണമാണ് മണിപ്പൂരിലെ വംശീയ കലാപം. മണിപ്പൂരിലെ ഭൂരിപക്ഷ വിഭാഗമായ മെയ്ത്തികളും, ന്യൂനപക്ഷമായ കുക്കി വംശക്കാരും ഒരു മനുഷ്യനെന്ന പരിഗണനപോലും ഇല്ലാതെ പരസ്പരം ജീവനെടുക്കുമ്പോൾ തകരുന്നത് ഇന്ത്യ എന്ന ജനാധിപത്യ രാജ്യത്തിന്റെ അടിസ്ഥാനമാണ്. ജാതിയുടെയും, വംശത്തിന്റെയും പേരിൽ ആർക്ക് നേരെയും തിരയൊഴിക്കാനും, ആരെവേണമെങ്കിലും ക്രൂരമായി ഉപദ്രവിക്കാനും മടിയില്ലാത്ത ഒരു പറ്റം ജനങ്ങളായി മാറിക്കൊണ്ടിരിക്കുന്നു ഇന്നത്തെ സമൂഹം.

മണിപ്പൂരിൽ വംശീയ കലാപത്തിന്റെ തീആളിക്കത്തുമ്പോൾ തന്നെ ഇന്ത്യയുടെ മറ്റൊരു സംസ്ഥാനമായ ഹരിയാനയിലും കലാപത്തിന്റെ തീപ്പൊരികൾ വീണു തുടങ്ങിയിരിക്കുന്നു. ഓരോ ദിവസം കഴിയുമ്പോഴും അത് ആളിപ്പടർന്ന് നാടിനെ വിഴുങ്ങുന്ന അഗ്നിയായി മാറുന്നു. ഇന്ന് മണിപ്പൂരിലും, ഹരിയാനയിലും നടന്ന കലാപങ്ങൾ നാളെ കേരളം അഭിമുഖീകരിക്കേണ്ടി വരുന്ന ദിനങ്ങൾ അകലെയല്ല.


പ്രശ്നത്തിന്റെ ഗൗരവം എത്രമാത്രമാണെന്ന് അധികാരികൾക്ക് ഇതുവരെയും വ്യക്തമായ അവബോധം ഉണ്ടായിട്ടില്ല. ഓരോ പൗരന്റെയും ജീവനും സ്വത്തിനും ആവശ്യമായ സംരക്ഷണം നൽകാൻ രാജ്യം തയ്യാറാക്കണം. ഇന്ന് ഞാൻ നാളെ നീ എന്ന രീതിയിൽ ഇന്ത്യ ഒട്ടാകെ പടർന്നു പിടിക്കാൻ പോകുന്ന ഒരു വൈറസാണ് വർഗീയ കലാപം എന്ന സത്യം ഉൾക്കൊള്ളാനും അതിനാവശ്യമായ നടപടികൾ എടുക്കാനും മൗനം വെടിഞ്ഞ് അധികാരികൾ പ്രവർത്തിക്കണം. എല്ലാ ജനങ്ങളും ഒത്തൊരുമയോടെ ഒന്നിച്ച് പ്രവർത്തിച്ചാൽ മാത്രമേ ജനാധിപത്യം എന്ന വാക്കിന് ശരിയായ അർത്ഥം കൈവരിക്കാനും രാജ്യത്തിന് പുരോഗതിയിലേക്ക് ചുവട് ഉറപ്പിക്കാനും കഴിയൂ.

– എഡിറ്റർ

# ഒരു സിനിമാക്കാരൻ

**കെ. അനഘ**

'വായനയും പുസ്തകവുമാണ് ഏറെ പ്രിയം. പുസ്തകം ഇല്ലാത്ത ഒരു ദിവസം ജീവിതത്തിൽ സങ്കൽപ്പിക്കാനേ സാധ്യമല്ല. വായിക്കുന്ന പുസ്തകങ്ങളിലെ കഥയും കഥാപാത്രങ്ങളും സന്ദർഭങ്ങളും ഏറെ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ഈ ഒരു സ്വാധീന ഫലമായാണ് ഇന്ന് സിനിമാലോകം വരെ എത്തി നിൽക്കുന്നത്. ചെറുപ്പം മുതൽ തന്നെ സിനിമ എനിക്ക് വളരെ ഇഷ്ടമായിരുന്നു. പത്താം ക്ലാസ്സിലെ പാഠഭാഗങ്ങൾ തിരക്കഥയാക്കി എഴുതുമായിരുന്നു'. സുനിരാജ് കശ്യപ് പറഞ്ഞു തുടങ്ങുകയാണ്. സുനിരാജ് കശ്യപ് ആരെന്നല്ലേ! പറയാം...



സുനിരാജ് കശ്യപ് എന്ന സുനി രാജേട്ടനെക്കുറിച്ച് പറയാൻ ഒത്തിരിയുണ്ട്... 2004ൽ കൈരളി ടി വി പ്രക്ഷേപണം ചെയ്ത സന്ധ്യാംബരത്തിന്റെ സൂര്യൻ എന്ന ഒരു മണിക്കൂർ ടെലിഫിലിമിലൂടെയാണ് സുനിരാജ് കശ്യപ് എന്ന തിരക്കഥാകൃത്തിനെ സിനിമാലോകം അറിയുന്നത്.

ഹല്ലേലൂയ്യ, മാക്കൊട്ടൻ തുടങ്ങിയ സിനിമകളുടെ തിരക്കഥകൾ എഴുതി മലയാള സിനിമയ്ക്ക് സുപരിചിതനായി അദ്ദേഹം. സുനിരാജ് കശ്യപ് കഥ, തിരക്കഥ എഴുതിയ മാക്കൊട്ടൻ 2023ലെ റേഡിയന്റ് ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവലിൽ മികച്ച കഥയ്ക്കുള്ള അവാർഡ് നേടിയതോടെ സുനിരാജ് കശ്യപ് എന്ന ഈ കലാകാരന് മാറ്റുകൂടുകയാണ്. കഥയിലെ എല്ലാ കഥാപാത്രങ്ങൾക്കും കൃത്യമായി വിശദീകരണം നൽകിക്കൊണ്ടുള്ള ഇദ്ദേഹത്തിന്റെ തനതു ശൈലിയാണ് അധസ്ഥിതനായ ഒരു വ്യക്തിയുടെ കഥ പറയുന്ന മാക്കൊട്ടന്റെയും ഭംഗി. പുതുമുഖങ്ങളെ അണിനിരത്തി സംവിധാനം ചെയ്യപ്പെട്ട 'തേവൈ' എന്ന ത്മിഴ് സിനിമയ്ക്ക് തിരക്കഥ എഴുതിക്കൊണ്ട് അദ്ദേഹം തമിഴ് സിനിമാരംഗത്തും അരങ്ങേറ്റം കുറിച്ചു.

തമിഴ് എങ്ങനെ ഇത്ര വശമായി എന്നു കൗതുകത്തോടെ ചോദിക്കുമ്പോൾ സുനിരാജേട്ടൻ ചിരിച്ചുകൊണ്ട് ഒരു കഥ പറയും; പഴയ ഒരു ബെറ്റിന്റെ കഥ, 'പത്താം ക്ലാസിൽ പഠിക്കുമ്പോൾ പെങ്ങളുമായി ബെറ്റ് വച്ചു. പത്ത് ദിവസം കൊണ്ട് തമിഴ് എഴുതാൻ പഠിക്കുമെന്ന്, അവൾ ഏഴു ദിവസം കൊണ്ട് പഠിച്ചു ഞാൻ പത്ത് ദിവസം എടുത്തു' അത്ഭുതം കൂറിയിരിക്കുമ്പോൾ സുനിരാജേട്ടൻ ആത്മവിശ്വാസത്തോടെ പറയുന്നു, 'ഇതൊക്കെ എളുപ്പമല്ലേ'...

തിരക്കഥ രചനയോടൊപ്പം തന്നെ അധ്യാപനം, ഉച്ചാരണശാസ്ത്രം, സംഖ്യാശാസ്ത്രം എന്നിവയിലും പ്രാവീണ്യം തെളിയിച്ച ഇദ്ദേഹത്തിന്റെ 'ഉച്ചാരണ ശാസ്ത്രവും സംഖ്യ ശാസ്ത്രവും' എന്ന പ്രബന്ധത്തിന് ഡോക്ടറേറ്റ് ലഭിച്ചിട്ടുണ്ട്. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നിന്നും സോഷ്യോളജി, മലയാളം വിഷയങ്ങളിൽ ബിരുദാനന്തര ബിരുദം നേടിയ അദ്ദേഹം ഒരു വർഷം അധ്യാപകനായും പ്രവർത്തിച്ചിരുന്നു.

'വായന എന്നും ഒരു ലഹരിയായിരുന്നു. രണ്ടാം ക്ലാസ് മുതൽ തന്നെ മനോരമ, മംഗളം പോലുള്ള വാരികകൾ വായിക്കുമായിരുന്നു. എട്ടാം ക്ലാസ് മുതലാണ് നോവലുകൾ വായിക്കാൻ തുടങ്ങിയത്. ജീവിതത്തിന്റെ നാനതുറകളെകുറിച്ചു വിവരിക്കുന്ന എം ടി വാസുദേവൻ നായരെയാണ് ഏറെ ഇഷ്ടം'. ഇതുപറയുമ്പോൾ എം ടിയെ കാണാൻ പോയതിനേയും കൂടെ നിന്ന് ഫോട്ടോ എടുത്തതിനേയും പറ്റി സുനിരാജേട്ടൻ വാചാലനാവുകയാണ്.

ഭാര്യയും രണ്ടു മക്കളും അടങ്ങുന്ന താണ് സുനിരാജേട്ടന്റെ കുടുംബം. കുഞ്ചാക്കോ ബോബൻ നായകനായി എത്തുന്ന പുതിയ ചിത്രത്തിന്റെ തിരക്കഥയുടെ പണിപ്പുരയിലാണ് സുനിരാജ് കശ്യപ് എന്ന സുനി രാജേട്ടൻ ഇപ്പോൾ.

# വെള്ളരിക്കാപട്ടണം




*എന്റെ ടോക്കൺ ഇനിയും ആയില്ല സാർ!*

# ഇൻഡോർ സ്പോർട്സ് റൂം ഉദ്ഘാടനം ചെയ്തു

**ജോയ്സ് മേരി ജോർജ്**



*അങ്ങാടിക്കടവ് സ്കൂളിൽ നിർമിച്ച ഇൻഡോർ സ്പോർട്സ് റൂം*

സേക്രഡ് ഹാർട് യു പി സ്കൂളിൽ ഇൻഡോർ സ്പോർട്സ് റൂം സ്കൂൾ അസിസ്റ്റന്റ് മാനേജർ ഫാ. പ്രിൻസ് ജോസഫ് ഉദ്ഘാടനം ചെയ്തു. മഴക്കാലത്ത് മൈതാനത്ത് പരിശീലനം നടത്താൻ സാധിക്കാ ത്തതിനാലുള്ള ബുദ്ധിമുട്ട് പരിഹരിക്കാനാണ് ഇൻഡോർ സ്പോർട്സ് റൂം നിർമിച്ചത്.

'സ്കൂളിലെ രണ്ട് അധ്യാപികമാർ സ്പോൺസർ ചെയ്ത രണ്ട് ക്യാരംസ് ബോർഡുകളിൽ നിന്നാണ് ഇൻഡോർ സ്പോർട്സ് റൂമിന്റെ തുടക്കം. സ്കൂൾ സ്പോർട്സ് കൺവീനർമാരായ ജോഷി ജോസഫ്, സിജി ജോസഫ് എന്നിവരുടെ നേതൃത്വത്തിൽ കൂടുതൽ ഗെയിംസ് ഉപകരണങ്ങൾ ഇതിൽ ഉൾപ്പെടുത്തി. മുപ്പതോളം കുട്ടികൾക്ക് ഒരേ സമയം ചെസ്സ്, ലൂഡോ, ക്യാരംസ് തുടങ്ങിയ ഗെയിമുകൾ കളിക്കാനുള്ള സൗകര്യം ഇവിടെ ഒരുക്കിയിട്ടുണ്ട്'. പ്രധാനാധ്യാപിക ഷൈനി മാത്യു പറഞ്ഞു.

പ്രധാനാധ്യാപിക ഷൈനി മാത്യു, പി ടി എ പ്രസിഡന്റ് ഷൈജു കുന്നോല, സീനിയർ അസിസ്റ്റന്റ് സി.റിൻസി മരിയ സി എം സി, സ്റ്റാഫ് സെക്രട്ടറി റ്റി. ജിജി എന്നിവർ സംസാരിച്ചു.

**വാർത്തകൾക്കും പരസ്യങ്ങൾക്കും വിളിക്കൂ... 9496698531**




For private circulation only

എഡിറ്റോറിയൽ ടീം – ചീഫ് എഡിറ്റർ ആൻഡ് പബ്ലിഷർ: ഫാ. ഡോ. ബാസ്റ്റിൻ നെല്ലിശ്ശേരി | സ്റ്റാഫ് എഡിറ്റർ: അനിൽ തോമസ് നല്ലൂർ | എഡിറ്റർ ഇൻ ചാർജ്: പി.വി മേഘ | സബ് എഡിറ്റേഴ്സ്: ജോയ്സ് മേരി ജോർജ്, അക്ഷയ് തിലകൻ, ജിനി ജോസഫ്, കെ അനഘ | ഫോട്ടോഗ്രാഫേഴ്സ്: അക്ഷയ് തിലകൻ, ജോയ്സ് മേരി ജോർജ് | ഡിസൈൻ: അക്ഷയ് തിലകൻ, പി.വി മേഘ